13 (*223) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ വായ്പ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ദത്തെടുക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രതിനിധികൾ കേരളം സന്ദർശിക്കുകയുണ്ടായോ;

(ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും എത്ര കോടി രൂപയാണ് ഉദാര വ്യവസ്ഥകളോടെ സംസ്ഥാനത്തിന് ലഭിക്കുന്നത്; ഇതിന്റെ ആദ്യഗഡു സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു ലഭിച്ചു; ലഭിച്ച തുക എത്ര;

(സി) വായ്പ ലഭിക്കുന്ന തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സന്ദർശിച്ചിരുന്നു.

(ബി) ഇതിനെ സംബന്ധിച്ച് ബാങ്ക് പ്രതിനിധികളുമായി മൂന്നാംവട്ട ചർച്ചനടത്തി അന്തിമതീരുമാനമായിട്ടില്ല.

(സി) അന്തിമഘട്ട ചർച്ചകൾക്ക് ശേഷമേ വെളിപ്പെടുത്താനാകൂ.

14 (*224) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വനം വകുപ്പിന്റെ പ്ലാന്റേഷനുകളിൽ തേക്ക്, പൾപ്പ്, വുഡ് തുടങ്ങിയ വൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നതിന് കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചുവോ; എങ്കിൽ പ്രസ്തുത നഴ്സറികൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആധുനിക വനവല്ക്കരണരീതികളെക്കുറിച്ചും ഫോം സ്റ്റെഡ് ഫോറസ്റ്ററിയെക്കുറിച്ചുമുള്ള ഗവേഷണ-പരിശീലന പരിപാടികൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നിതിനുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യത സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ തൊഴിൽ സാദ്ധ്യത യുടെ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥലത്തിന് യോജിച്ച വൃക്ഷഇനം തിരഞ്ഞെടുക്കുക, മുന്തിയ ഇനം വിത്തു സംഭരിക്കുക, ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വളർത്തി യെടുക്കുക, ഗുണമേന്മ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഗവേഷണങ്ങൾ നട ത്തുക, പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തൈകൾ വച്ചു പിടിപ്പി ക്കുക, ജനിതക ഘടകം മെച്ചപ്പെടുത്തുവാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള തോട്ട ഉദ്യാനങ്ങൾ നിർമ്മിക്കുക, വിശിഷ്ടമായ മരങ്ങളുടെ ക്ളോണുകൾ വികസിപ്പിച്ചെടുക്കുക എന്നീ പ്രവർത്തനങ്ങൾ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്നു. കേരള ഫോറസ്ട്രി പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

(സി) ഉണ്ട്. വനം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് കുളത്തൂപ്പുഴ (കൊല്ലം സർക്കിൾ), ചെട്ടികുളം(തൃശ്ശൂർ സർക്കിൾ), വള്ളുവശ്ശേരി(ഒലവ ക്കോട് സർക്കിൾ), ചെറുവഞ്ചേരി(കോഴിക്കോട് സർക്കിൾ) എന്നീ സ്ഥലങ്ങളി ലാണ് കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) വനം വകുപ്പിലെ 800 ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നഴ്സറികളും തോട്ടങ്ങളും നിർമ്മിക്കുവാൻ വേണ്ടിയുള്ള പരിശീലനം നൽകിക്കഴിഞ്ഞു. ഫോം സ്റ്റെഡ് ഫോറസ്ട്രി എക്സ്റ്റൻഷൻ പരിപാടിക്കുവേണ്ടി നാല്പതു പേർക്ക് പരിശീലനം നൽകിയി ട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് രണ്ട് ശില്പശാലകൾ നടത്തു കയുണ്ടായി. ഇവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുടെ പട്ടിക തയ്യാറാക്കി യിട്ടുണ്ട്.

(ഇ) പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പിൻ ഏകദേശം 18.40 ലക്ഷം തൊഴിൽ ദിനങ്ങൾ ഉണ്ടാ കാൻ സാദ്ധ്യതയുണ്ട്.

15 (*225) കിഴങ്ങുവർഗ്ഗ കൃഷിയുടെ സാദ്ധ്യതകൾ

ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly